LIBRARY ARCHIVES Kerala Legislative Assembly

X റിപ്പോർട്ട് സമർപ്പണം

'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ 'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

XI ധനകാര്യം

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

XII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സർ, "2015 മാർച്ച് 6-ാം തീയതി ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു."

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, കെ. അജിത്, ഇ. കെ. വിജയൻ, വി. ശശി, കെ. വി. അബ്ദുൾ ഖാദർ, എ. എം. ആരിഫ്, ബാബു എം. പാലിശ്ശേരി, എ. കെ. ബാലൻ,